(ഡി) സർക്കാർ സബ്സിഡിയോടെ വിതരണം ചെയ്യേണ്ട സാധനങ്ങൾ മൊത്ത വ്യാപാര കേന്ദ്രങ്ങളിൽ വച്ചുതന്നെ മറിച്ചുവിറ്റ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2002 മേയ്, ജൂൺ മാസങ്ങളിൽ കോട്ടയം, ഇടുക്കി ജില്ലകളിൽ വിതരണം നടത്തേണ്ട 2000 മെട്രിക്ടൺ ഗോതമ്പ് മൊത്ത വ്യാപാരികൾ മറിച്ചു വിറ്റതായി ശ്രദ്ധയിൽപെടുകയും തുടർന്ന് ഉത്തരവാദികളായ വ്യാപാരികൾക്കെതിരെയും ഉദ്യോഗസ്ഥന്മാർക്ക് എതിരെയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ ശേഖരിച്ച നെല്ല്

57 [368] *ശ്രീ. ടി. എം. ജേക്കബ്:*
,, *കെ. ബി. ഗണേഷ് കുമാർ:*
,, *ആർ. ബാലകൃഷ്ണപിള്ള:*
,, *ഷിബു ബേബിജോൺ*
,, *ജോണി നെല്ലൂർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംസ്ഥാനത്ത് ഇതുവരെ എത്ര ക്വിന്റൽ നെല്ല് ശേഖരിച്ചിട്ടുണ്ട്;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(സി) എന്ത് വിലയ്ക്കാണ് നെല്ല് സംഭരിച്ചത്;

(ഡി) ഗവൺമെന്റ് നിർദ്ദേശപ്രകാരം സംഭരണ സമ്പ്രദായങ്ങൾ സംഭരിച്ച നെല്ല് ഏറ്റെടുക്കാത്തതുമൂലം കൃഷിക്കാർക്ക് ഉണ്ടായിരിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(എഫ്) സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിക്കുന്ന നെല്ല് അരിയാക്കി എഫ്.സി.ഐ.-ക്ക് നൽകാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ എഫ്.സി.ഐ.-ക്ക് എത്ര ക്വിന്റൽ അരി ഇതിനോടകം നൽകി കഴിഞ്ഞിട്ടുണ്ട്?

ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംസ്ഥാനത്ത് 30-6-2005 വരെ 1,18,884 ക്വിന്റൽ നെല്ല് ശേഖരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)

ആലപ്പുഴ — 56200 ക്വിന്റൽ
പാലക്കാട് — 41968 ക്വിന്റൽ
കോട്ടയം — 15743 ക്വിന്റൽ
എറണാകുളം — 2774 ക്വിന്റൽ
തൃശ്ശൂർ — 2199 ക്വിന്റൽ
ആകെ — 118884 ക്വിന്റൽ

(സി) നെല്ലിന്റെ സംഭരണ വില നിശ്ചയിക്കുവാൻ സിവിൽ സപ്ലൈസ് കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും കാർഷിക സഹകരണ സംഘങ്ങളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ, മില്ലുകളിലെത്തിക്കുന്ന നെല്ലിന് കിലോഗ്രാമിന് 7 രൂപ എന്ന നിരക്ക് നിശ്ചയിക്കുകയും ചെയ്തു.

(ഡി)&(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്ത് കാർഷിക സഹകരണ സംഘങ്ങൾ, പാടശേഖര സമിതികൾ എന്നിവ കഴിഞ്ഞ സീസണിൽ സംഭരിച്ച നെല്ല് ഏറ്റെടുക്കുന്നതിന് 4-6-2005-ലെ GO (MS) No. 22/05/FCS & CAD പ്രകാരം സിവിൽ സപ്ലൈസ് കോർപ്പറേഷന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 4-6-2005 മുതൽ നെല്ല് സംഭരണം ആരംഭിച്ചിട്ടുണ്ട്.

(എഫ്) സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിച്ച നെല്ല് അരിയാക്കി പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യുന്നതിനായി കേരള സർക്കാർ കേന്ദ്ര സർക്കാരുമായി ധാരണപത്രത്തിൽ ഒപ്പിടുകയുണ്ടായി. ഇതുപ്രകാരം എഫ്.സി.ഐ.-ക്ക് അരി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങൾ

58 [369] *ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:*
,, *കെ. എ. പത്രൻ:*
,, *പ്രയാർ ഗോപാലകൃഷ്ണൻ:*
,, *എം എം ഹസ്സൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്ത എത്ര സഹകരണ സംഘങ്ങൾ നെല്ല് സംഭരണം നടത്തിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly